ങ്ങൾ പലതും നശിച്ചു. ഇലക്ട്രിസിറ്റി ഇപ്പോഴും കൊടുക്കാൻ സാധിച്ചിട്ടില്ല എന്നാണ് ഏറ്റവും ഒടുവിൽ കിട്ടിയ വിവരം. നാശനഷ്ടം സംഭവിച്ചവർക്ക് അടിയന്തിര സഹായങ്ങൾ എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. ഇന്നും നാളെയുമായി ആവശ്യമായ സഹായം ചെയ്തില്ലെങ്കിൽ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടും. അതുകൊണ്ട് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : അത് സഭയുടേയും ഒരു ആവശ്യമാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഇന്നലെ വൈകുന്നേരം ഏഴ് മണിക്കുശേഷമാണ് അവിടെ ശക്തിയായി കാറ്റും മഴയും ഉണ്ടായത്. വിശദമായ റിപ്പോർട്ട് കിട്ടിയിട്ടില്ലെങ്കിലും ഉടനെ ജില്ലാ കളക്ടറുമായി ബന്ധപ്പെട്ടു. റവന്യൂ ഉദ്യോഗസ്ഥൻമാർ അവിടെ പോയിട്ടുണ്ട്. ഇപ്പോൾ കിട്ടിയിടത്തോളം വിവരംവച്ച് 10 വീടുകളാണ് ഭാഗികമായി തകർന്നിട്ടുള്ളത്. 1,16,000-ൽപ്പരം രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. രണ്ട് സ്ത്രീകൾക്ക് പരിക്ക് പറ്റിയിട്ടുണ്ട്. അവരെ ഉടനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവർക്ക് 500 ഉറുപ്പിക വച്ച് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. എത്രത്തോളം കൃഷിനാശം ഉണ്ടായി എന്നത് സംബന്ധിച്ച് പരിശോധന നടന്നുകൊണ്ടിരിക്കുകയാണ്. വീട് ഭാഗികമായി നഷ്ടപ്പെട്ടവർക്കുള്ള സാമ്പത്തിക സഹായവും ചികിൽസാ സഹായങ്ങളും കൃഷി നാശത്തിന്റെ സഹായങ്ങളും എത്രത്തോളം കൊടുക്കേണ്ടതുണ്ട് എന്നതിനെ സംബന്ധിച്ച് വിശദാംശങ്ങൾ കിട്ടുന്ന മുറയ്ക്ക് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ സംഭവസ്ഥലത്ത് പോയിട്ടുണ്ട്. ഈ പ്രശ്നം ഗൗരവപരമായി പരിഗണിക്കുന്നതാണ്.

(8) മിച്ചഭൂമി ഏറ്റെടുക്കാൻ നടപടി

ശ്രീ. എ. കണാരൻ : സർ, കേരളത്തിൽ ഭൂപരിഷ്ക്കരണ നിയമ പ്രകാരം 1,35,973 ഏക്കർ മിച്ചഭൂമിയായി ഏറ്റെടുക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചു എന്നാണ് പറയുന്നത്. നിയമം പാസ്സാകുമ്പോൾ 8 ലക്ഷത്തോളം ഏക്കർ ഭൂമി വിതരണം ചെയ്യാനുണ്ടാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. ദുഃഖകരമെന്നു പറയട്ടെ, അത് സാധിച്ചില്ല. എന്നിരുന്നാലും തുടർച്ചയായുള്ള മിച്ചഭൂമി സമരത്തിന്റേയും മറ്റ് പ്രക്ഷോഭണങ്ങളുടേയും ഫലമായിട്ടുപോലും 1,47,927 പേർക്ക് മാത്രമേ ഭൂമി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുള്ളൂ. അതിൽ 71,000 പേർ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണ്. 45,151 ഏക്കർ ഭൂമി ഏറ്റെടുത്ത് വിതരണം ചെയ്തിട്ടില്ല എന്നുള്ളതാണ് ഇപ്പോഴത്തെ പ്രശ്നം. ഇതിൽ 23,117 ഏക്കർ ഭൂമി പലവിധ കേസ്സുകളിൽപ്പെട്ട് കിടക്കുകയാണ്. (കാസർഗോഡ്-1967 ഏക്കർ, കണ്ണൂർ-1426 ഏക്കർ, വയനാട്-3364 ഏക്കർ, മലപ്പുറം-5373 ഏക്കർ, പാലക്കാട്-4376 ഏക്കർ, ആലപ്പുഴ-5151 ഏക്കർ, കോട്ടയം-540 ഏക്കർ, എറണാകുളം-1749 ഏക്കർ). ഇതിനുപുറമേയാണ് കൃത്രിമരേഖകൾ ഉണ്ടാക്കി ഭൂമി കൈവശപ്പെടുത്താൻ നടപടി സ്വീകരിക്കുന്നത്. പല സ്ഥലങ്ങളിലും പട്ടിക്കൂട്ടിയുടേയും പശുക്കുട്ടിയുടേയും പേരിൽ ഭൂമി എഴുതിവച്ചിട്ടുണ്ട് എന്ന് അന്ന് പ്രസംഗിച്ചു നടന്നതാണ്. അതെല്ലാം യാഥാർത്ഥ്യമാണ്. ഏറെ ഭൂമി കൈവശം വയ്ക്കുന്നവരുണ്ട്. ഈ ഭൂമിയെല്ലാം ഏറ്റെടുത്ത്, കൃത്രിമരേഖയെല്ലാം കണ്ടുപിടിച്ച് യഥാർത്ഥമിച്ചഭൂമി മുഴുവൻ വിതരണം ചെയ്യാനുള്ള സംവിധാനം വേണം. അമ്പഴത്തോട് 126 ഏക്കർ മിച്ചഭൂമിയുണ്ട്. അവിടെ വിവാദപരമായി, സി.ആർ.പി.എഫ്. ക്യാമ്പ് സ്ഥാപിക്കാൻവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

മുൻഗവൺമെന്റ് പരിശ്രമിച്ചപ്പോൾ അങ്ങുൾപ്പെടെ, നമ്മളെല്ലാപേരുംകൂടി ചേർന്ന് നടപടി എടുത്തു. ആ ഭൂമി വിതരണം ചെയ്യാൻ നടപടികൾ ആരംഭിച്ചിട്ടില്ല. അങ്ങുതന്നെ പുതിയതായി എടുത്ത തീരുമാനപ്രകാരം 10 സെന്റും 8 സെന്റും ഭൂമി കൊടുക്കാനുള്ള തീരുമാനം ഉണ്ടായതാണ്. അവിടെ താമസിക്കുന്ന കുടുംബങ്ങൾക്ക് ഭൂമി കൊടുക്കാൻ ഏതാണ്ട് നടപടി ആയിട്ടുണ്ട്. ബാക്കി ഭൂമി ഭൂരഹിതർക്ക് കൊടുക്കാനുള്ള തീരുമാനം ഉണ്ടായതാണ്. കോഴിക്കോട് 13 ഏക്കർ 79 സെന്റ് മിച്ചഭൂമിയുണ്ട്. ആ ഭൂമിയെ സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടില്ല. ശാന്തിഗിരി എസ്റ്റേറ്റുകാർക്ക് അനധികൃതമായി മുൻഗവൺമെന്റ് വിറ്റ ഭൂമിയാണത്. അങ്ങ് മുൻകൈ എടുത്തിട്ടാണ് ആ വിൽപ്പന തടഞ്ഞ്, ആ ഭൂമി കൊടുക്കാൻ നടപടി സ്വീകരിച്ചത്. തോട്ടയ്ക്കാട് ഭൂമിയുടെ കാര്യം അങ്ങേയ്ക്ക് അറിയാം. 400 കുടുംബങ്ങൾ 1970 മുതൽ അവിടെ താമസിച്ചുവരികയാണ്. അവർക്ക് പട്ടയം കൊടുക്കാനുള്ള നടപടി ഉണ്ടായിട്ടില്ല. ലക്ഷംവീട് കോളനികളിലെ 3348 കുടുംബങ്ങൾക്ക് 72,800 ഏക്കർ ഭൂമി കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ഇനിയും ഭൂമി കൊടുക്കാനുണ്ട്. ഈ ഗവൺമെന്റിന്റെ കാലാവധി തീരുന്നതിനുമുമ്പുതന്നെ ആ ഭൂമിക്കെല്ലാം പട്ടയം കൊടുക്കാനും, മിച്ചഭൂമി വിതരണം ചെയ്യാനും നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ എല്ലാ പ്രശ്നങ്ങളും എനിക്ക് അറിയാം, എല്ലാ വിവരങ്ങളും എന്റെ കൈയ്യിലുണ്ട്. അത് മുഴുവൻ പറയുന്നതിന് ഒരുപാട് സമയമെടുക്കുമെന്നുള്ളതുകൊണ്ട് ഒരു സബ്മിഷന്റെ പരിധിയിൽ വരുന്നത് പറയാം. മിച്ച ഭൂമിയുടെ പ്രശ്നത്തിൽ, രണ്ട് സംഘടനകളാണെങ്കിലും ഞങ്ങൾ കുറേക്കാലം ഒന്നിച്ച് സംഘടനാ ഭാരവാഹികളായി പ്രവർത്തിച്ചവരാണ്. അതുകൊണ്ട് ഈ പ്രശ്നങ്ങളെ സംബന്ധിച്ച് നമ്മൾ സമാനമായി ചിന്തിക്കുന്നവരും പരിഹാരം കാണാൻ ശ്രമിക്കുന്നവരുമാണ്. ഭൂപരിഷ്ക്കരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഈ സംസ്ഥാനത്ത് 1,37,000 ഏക്കർ മിച്ചഭൂമിയാണ് ഏറ്റെടുക്കാനുള്ളതെന്ന് തീരുമാനിച്ചത്. അതിൽ 97,000 ഏക്കർ മിച്ചഭൂമി ഏറ്റെടുത്തു. 65,000 ഏക്കർ ഭൂമി കൊടുത്തതിൽത്തന്നെ ഒന്നരലക്ഷത്തോളം പേർക്കാണ്, പട്ടികജാതി-പട്ടികവർഗ്ഗക്കാർ ഉൾപ്പെടെ, നമുക്ക് വിതരണം ചെയ്യാൻ കഴിഞ്ഞത്. ബാക്കി 16,000 ത്തോളം ഏക്കർ ഭൂമി എടുക്കുന്നതിന്റെ തടസ്സത്തെ സംബന്ധിച്ച് ഞാൻ ഒരു സബ്മിഷന് മറുപടി പറഞ്ഞിരുന്നു. വനംവകുപ്പും റവന്യൂവകുപ്പുമായിട്ടുള്ള തർക്കത്തിന്റെ പേരിൽ മിച്ചഭൂമിയാണെന്ന് നിശ്ചയിച്ചെടുക്കാൻ തടസ്സമായി കിടക്കുകയാണ്. ഭൂമി ഏറ്റെടുത്ത് അപേക്ഷകൾ സ്വീകരിച്ച്, ആളുകളെ തീരുമാനിച്ച്, അലോട്ട്മെന്റ് ചെയ്ത് സ്ഥലം കൊടുക്കാൻ തുടങ്ങുമ്പോഴാണ് വെസ്റ്റഡ് ഫോറസ്റ്റ് ആണ് എന്ന് തർക്കം വന്നിട്ട് 5000 ഏക്കർ വിതരണം ചെയ്യാൻ തടസ്സമുണ്ടായത്. അങ്ങനെ ഏറ്റെടുത്ത 97,000 ഏക്കറിൽ 21,000 ഏക്കർ വിതരണം ചെയ്യാൻ കഴിയുന്നില്ല. എടുത്തതിൽ 21,000 ഏക്കർ ഭൂമി, പൊതു ആവശ്യത്തിന് മാറ്റിവച്ചു. അതും വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. പഞ്ചായത്തുകൾക്കും ഗവൺമെന്റിനും ആവശ്യമായി വരുന്നത് ഒഴിച്ച് ബാക്കി പൂർണ്ണമായും വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. കേസ്സുകളിൽ ദീർഘകാലമായി കുടുങ്ങിക്കിടക്കുന്ന ഭൂമിയുണ്ട്. രണ്ട് പബ്ലിക് പ്രോസിക്യൂട്ടർമാരെ നിശ്ചയിച്ച് അതിവേഗം ആ കേസ്സുകളിൽ തീരുമാനമുണ്ടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. കേസ്സുകൾ തീരുമാനം ആകുന്ന മുറയ്ക്ക് ഭൂമി വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ മൂന്ന്-നാല് വർഷങ്ങളിൽ ഏറ്റെടുക്കാനുണ്ടായിരുന്ന മിച്ചഭൂമി പരമാവധി എടുക്കുകയും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അമ്പഴത്തോടിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നം, അവിടെ 126 ഏക്കർ മിച്ചഭൂമി സൈനിക ക്യാമ്പിനുവേണ്ടി കൊടുക്കാൻ നേരത്തെ ഗവൺമെന്റ് തീരുമാനിച്ചിരുന്നു. ശ്രീ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സമയത്തുതന്നെ അവിടെ കൈവശക്കാർ ഉണ്ടായിരുന്നു. അവർക്ക് കൊടുക്കാനും കഴിയില്ല. അവരെ ഒഴിപ്പിക്കാനും കഴിയില്ല എന്നുള്ളനിലയിലായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷവും അത് തുടരുകയായിരുന്നു. അവിടെ ഒരു സ്റ്റേ നിലവിലുണ്ടായിരുന്നു. ഞങ്ങൾ അധികാരത്തിൽ വന്നപ്പോഴും ആ സ്റ്റേ തുടരുകയായിരുന്നു. അന്ന് ശ്രീ. എ.കെ. ആന്റണി സ്റ്റേ ചെയ്തതാണ്. അവരെ കുടിയൊഴിപ്പിക്കാൻ പാടില്ല എന്നായിരുന്നു സ്റ്റേ. അതുകൊണ്ട് ഞങ്ങളും അവരെ സംരക്ഷിച്ചു. 800-ഓളം കൈവശക്കാർ അവിടെയുണ്ട്. ഏറ്റെടുത്ത മിച്ചഭൂമിയിൽ കൈവശക്കാർ ഉണ്ടെങ്കിൽ അവർക്ക് മുൻഗണന കൊടുക്കണമെന്ന് ഭൂപരിഷ്ക്കരണ നിയമത്തിൽ തന്നെ വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥകൾ പാലിച്ചു കൈവശക്കാരിൽ അർഹരായിട്ടുള്ളവർക്കും ആ സമീപ പ്രദേശങ്ങളിൽ പട്ടയം ലഭിക്കേണ്ടവരായി, ഭൂമി ലഭിക്കേണ്ടവരായി ആളുകൾ ഉണ്ടെങ്കിൽ അവർക്കും അപേക്ഷ സ്വീകരിച്ചുകൊണ്ട് അവർക്കും പട്ടയം കൊടുക്കണമെന്ന് ഈ ഗവൺമെന്റ് തീരുമാനിച്ചു. അങ്ങനെ 9000-ത്തോളം അപേക്ഷകൾ കിട്ടി. ആ അപേക്ഷകൾ പരിശോധിച്ച് നിരപ്പായ സ്ഥലമെന്നും കുന്നുംപ്രദേശമെന്നും രണ്ട് രീതിയിൽ ആ ഭൂമിയെ ഞങ്ങൾ തിരിച്ചു. അങ്ങനെ രണ്ടു രീതിയിൽ ആ സ്ഥലം കൊടുക്കാൻ തീരുമാനിച്ചു. 1300-ഓളം പേർക്ക് ഈ ഭൂമി വിതരണം ചെയ്യാൻ കഴിയും. ഇതിന്റെ നടപടികൾ മുഴുവൻ പൂർത്തിയായപ്പോൾ ആ ഭൂമി പതിച്ചുകൊടുക്കാൻ പാടില്ല. അത് മിച്ചഭൂമിയായതിനാൽ അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിച്ച് തിരിച്ചെടുക്കണം എന്ന് കോടതി പറഞ്ഞു. കോടതിയുടെ സ്റ്റേ ഒഴിവാക്കി കിട്ടിയതിനുശേഷം മാത്രമേ ഇത് നടപ്പിലാക്കാൻ കഴിയൂ. ആ ഭൂമി പതിച്ചുകൊടുക്കണമെന്ന് ഗവൺമെന്റ്, ക്യാബിനറ്റ് തീരുമാനിച്ചതാണ്. അതിനുള്ള നടപടികൾ പൂർത്തിയായി വരികയുമാണ്. എത്രയുംവേഗം ആ കേസിൽനിന്നും നമുക്ക് രക്ഷപ്പെടാൻ കഴിയുന്ന തരത്തിൽ നടപടികൾ കർഷക പ്രസ്ഥാനവും തൊഴിലാളികളുടെ പ്രതിനിധികളുംകൂടി ശ്രീ. കണാരന്റെ നേതൃത്വത്തിൽ നിർവ്വഹിച്ചാൽ 1200 പേർക്ക് ഉടനെ പട്ടയം കൊടുക്കാൻ സാധിക്കും.

(9) കാസർകോട്, ആസ്ട്രൽ വാച്ചസ് കമ്പനി ജീവനക്കാരുടെ പ്രശ്നങ്ങൾ

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : കാസർഗോഡ് നിയോജകമണ്ഡലത്തിലെ ആസ്ട്രൽ വാച്ചസ് കമ്പനിയിലെ ജീവനക്കാർ ഇന്ന് ഏറ്റവും വലിയ പ്രതിസന്ധി നേരിടുകയാണ്. ഈ കമ്പനിയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി കമ്പനി ആധുനിക രീതിയിൽ പുനരുദ്ധരിക്കുക, അതിന്റെ പ്രവർത്തനം വിപുലീകരിക്കുക, ആസ്ട്രൽ വാച്ചസ് കമ്പനിരംഗത്ത് പ്രവർത്തിച്ച, കഴിവുള്ള ഒരു മാനേജിംഗ് ഡയറക്ടറെ ഫുൾടൈം ആയി നിയമിക്കുക, കമ്പനി സ്വന്തമായി ഉൽപ്പന്നങ്ങൾ വിപണിയിൽ ഇറക്കത്തക്ക രീതിയിൽ ആവശ്യമായ നടപടി സ്വീകരിക്കുക എന്നീ കാര്യങ്ങളിൽ നടപടി ഉണ്ടാകണം. അവിടത്തെ ജീവനക്കാർ ഇന്ന് ശമ്പളം കിട്ടാതെ വളരെയേറെ കഷ്ടപ്പെടുകയാണ്. ജീവനക്കാർക്ക് ശമ്പളത്തിൽ ഏതാണ്ട് 8 മാസത്തെ കുടിശ്ശിക ഉണ്ട്. അതിൽ രണ്ടുമാസത്തെ ശമ്പളം കൊടുത്തു. ആറുമാസത്തെ ശമ്പളം ലഭിക്കുന്നതിന് അവർ പല നിവേദനങ്ങളും നടത്തിയെങ്കിലും ഇതുവരെ ലഭിച്ചിട്ടില്ല. ഇന്ന് അവർ വളരെയേറെ കഷ്ടപ്പെടുകയാണ്. ജീവനക്കാരുടെ ശമ്പള കുടിശ്ശിക അടിയന്തിരമായി കൊടുത്തുതീർക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. അവരുടെ സേവന-വേതന വ്യവസ്ഥകൾ ചർച്ച ചെയ്ത് നടപ്പിൽവ

LIBRARY ARCHIVES Kerala Legislative Assembly